**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**<u>പോലീസിലെ എസ്.എച്ച്.ഒ. സംവിധാനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2016 4/11/2019-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>**<br>**ശ്രീ.യു. ആർ. പ്രദീപ്** | | **<u>മറുപടി</u>**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളിൽ സി.ഐ. റാങ്കിലുള്ളവരെ ഇതിനകം സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ.) മാരായി നിയമിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലെയും എസ്.എച്ച്.ഒ തസ്തിക ഇൻസ്പെക്ടർ തസ്തികയായി ഉയർത്തിയിട്ടുണ്ട്. 1384 പോലീസ് ഇൻസ്പെക്ടറന്മാരെ എസ്.എച്ച്.ഒ.മാരായി നിയമിച്ചിട്ടുണ്ട്. |
| (ബി) | ക്രമസമാധാനപാലനത്തിനും കുറ്റാന്വേഷണത്തിനും പ്രത്യേകമായി എസ്.ഐ.മാരെ നിയമിക്കുന്നത് മുഴുവൻ സ്റ്റേഷനുകളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും എസ്.എച്ച്.ഒ.മാരായി ഇൻസ്പെക്ടറന്മാരെ നിയമിക്കുന്നതിനാവശ്യമായ തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. അതിലേക്ക് അർഹതയുള്ളവർക്ക് പ്രമോഷൻ നൽകി നിയമനം പടിപടിയായി നടത്തുന്നതാണ്. ഇതേതുടർന്ന് സ്റ്റേഷനുകളിൽ ക്രമസമാധാനപാലനത്തിനും കുറ്റാന്വേഷണത്തിനും ചുമതല വേർതിരിച്ചുള്ള സംവിധാനം പൂർണ്ണതോതിലെത്തും. |

സെക്ഷൻ ഓഫീസർ